# 13

# പുതപ്പ് നിങ്ങളുടെ മേൽ വീഴട്ടെ
## (2 രാജാക്കന്മാർ 2)

ജീവിതത്തിലെ പല സ്ഥാനങ്ങളും തിരിച്ചറിയലിന്റേയും അധികാരത്തിന്റേയും പ്രത്യേക അടയാളങ്ങളാണ്. പൊലിസുകാരനു യൂണിഫോമും ബാഡ്ജും ഉണ്ട്. ആമ്പുലൻസ് ഓടിക്കുന്നവരുടെ വാഹനത്തിൽ മിന്നുന്ന ലൈറ്റുകളും മണിമുഴക്കവുമുണ്ടായിരിക്കും. ചിലരുടെ മേശപ്പുറത്ത് ''മാനേജർ'' എന്ന ബോർഡ് കാണാം.

ഏലിയാവിനു പുതപ്പുണ്ടായിരുന്നു. ഗുഹയിൽനിന്നു പുറത്തുവരുവാൻ ദൈവം ഏലിയാവിനോട് പറഞ്ഞപ്പോൾ, അവൻ ''പുതപ്പുകൊണ്ടു തന്റെ മുഖം മൂടിയിരുന്നു'' (1 രാജാക്കന്മാർ 19:13). ദൈവത്തിന്റെ നിർദ്ദേശം അനുസരിച്ച് ഏലിയാവ് പോകുകയും, ഏലിശായെ വിളിച്ച്, ''തന്റെ പുതപ്പ് അവന്റെമേൽ ഇടുകയും'' ചെയ്തു (1 രാജാക്കന്മാർ 19:19), ഏലിയാവിനു പകരം ഏലിശയെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതിന്റെ അടയാളമായിരുന്നു അത്. ഭൂമിയിലെ ഏലിയാവിന്റെ അവസാന ദിവസം, തന്റെ പുതപ്പു ചുരുട്ടി വടി പോലെ ആക്കി യോർദ്ദാൻ നദിയിൽ അടിച്ച് വെള്ളം വേർപിരിച്ചു (2 രാജാക്കന്മാർ 2:8).

എന്താണ് ഒരു പുതപ്പ്? ''പുതപ്പ്'' എന്ന വാക്ക് തീ കത്തിക്കുന്നതിന്റെ അടുത്തുള്ള[1] അലമാരക്കും ഉപയോഗിച്ചിട്ടുണ്ട്,[2] എന്നാൽ ''മാന്റിൽ'' എന്ന വാക്കിൽ (ഇംഗ്ലീഷിൽ അവസാനം ''എൽഈ'') ദൈനന്തിനം ഉപയോഗിക്കുന്ന വാക്കല്ല. ഇംഗ്ലീഷിൽ ''മാന്റിൽ'' എന്നതിനു ''പുതപ്പ്'' എന്നാണ് അർത്ഥം. ''കയ്യില്ലാത്ത അയഞ്ഞുകിടക്കുന്നതും സാധാരണ മറ്റു വസ്ത്രങ്ങളുടെ പുറമെ ഉപയോഗിക്കുന്നതുമാണ്.''[3] ''പുതപ്പ്'' എന്നതിന്റെ എബ്രായവാക്ക് *അഡെറെത്ത്*, എന്നതിന്റെ അടിസ്ഥാന അർത്ഥവും അതു തന്നെ. അത് സാധാരണ ഒരു ലളിതമായ വസ്ത്രമാണ്, ഉദാഹരണമായി ആട്ടിടയന്മാർ സാധാരണ ഇത് തോളിൽ കൂടെ ഇട്ട് പുതച്ചിരുന്നു. ചിലപ്പോൾ, ആ വാക്ക് മനോഹരമായ രാജകിയ വസ്ത്രത്തിനും ഉപയോഗിച്ചിട്ടുണ്ട്.[4] ഒരു കൗബോയുടെ പോങ്കോ ആയും, ഇന്ത്യൻ പുതപ്പായും, മെക്സിക്കക്കാരുടെ സെറാപെ ആയും, അല്ലെങ്കിൽ വൃദ്ധമാരുടെ ഷാളായും ഉപമിക്കാം.

ഏലിയാവിന്റെ പുതപ്പ്, തോൽകൊണ്ടോ, കമ്പിളികൊണ്ടോ ഉണ്ടാക്കിയ പരുപരുത്ത ലളിതമായ ഒരു വസ്ത്രമായിരുന്നു. അഹസ്യാവിന്റെ സന്ദേശവാഹകർ ഏലിയാവിനെ ''രോമവസ്ത്രമുള്ള മനുഷ്യൻ'' എന്നാണ് വിശേഷിപ്പിച്ചത് (2 രാജാക്കന്മാർ 1:8), അതു അവന്റെ വസ്ത്രത്തെയോ അവന്റെ വ്യക്തിത്വത്തെയോ ആണ് സൂചിപ്പിച്ചത്. 2 രാജാക്കന്മാർ 2:8-ൽ, ഏലിയാവ് പുതപ്പ് മടക്കി യോർദ്ദാൻ നദിയിൽ അടിച്ചതായി പറയുന്നു, സെപ്ത്വജിന്റിൽ ''മാന്റിൽ'' എന്നതിനു പകരം ''ഷീപ്സ്കിൻ'' എന്നാണ്. ഏലിയാവിനെ പിൻപറ്റി നിരവധി പ്രവാചകന്മാർ, പുതപ്പ് ഒരു ബാഡ്ജ് പോലെ ഉപയോഗിച്ചിരുന്നു. ''വഞ്ചിക്കുന്നതിനു രോമവസ്ത്രം [*അഡാരെത്ത്* മാന്റിൽ] ധരിക്കുന്നവരാണ് കള്ളപ്രവാചകന്മാരെന്ന്'' സെഖര്യാവ് പറഞ്ഞിരിക്കുന്നു (സെഖര്യാവ് 13:4). ''ഏലിയാവിന്റെ ആത്മാവിൽ'' യോഹന്നാൻ സ്നാപകൻ വന്നപ്പോൾ

(ലൂക്കൊസ് 1:17), അവൻ ഒരു പ്രവാചകനായി (ലൂക്കൊസ് 7:26), ''ഒട്ടക രോമം കൊണ്ടുള്ള വസ്ത്രം ധരിച്ചിരുന്നു'' (മത്തായി 3:3, 4). ആകയാൽ, ഏലിയാവിന്റെ പുതപ്പ്, മൃഗരോമം കൊണ്ടുണ്ടാക്കിയതും അവന്റെ തോളിൽ അയഞ്ഞുകിടന്നതുമായ പരുപരുത്ത വസ്ത്രമായി നമുക്ക് കണക്കാക്കാം.[5]

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, ഏലിയാവ്[6] ചുഴലിക്കാറ്റിൽ എടുക്കപ്പെട്ടപ്പോൾ, അവന്റെ പുതപ്പ് ഏലിശായിൽ വീണതു കണ്ടു. ഈ വെല്ലുവിളിയോടുകൂടി നമ്മുടെ ഈ പരമ്പര അവസാനിപ്പിക്കാം: പുതപ്പ് *നിങ്ങളിൽ* വീഴട്ടെ.

## യിസ്രായേലിൽ ദൈവത്തിനു ഇന്നും അവന്റെ പുരുഷന്മാരും സ്ത്രീകളും വേണം

ഏലിശാ രംഗപ്രവേശനം നടത്തുന്നതിനുമുൻപ് ഏലിയാവ് വളരെയധികം നേട്ടങ്ങൾ കൈവരിച്ചിരുന്നു. ആഹാബിനോട് ധൈര്യത്തോടെ സംസാരിക്കുന്നത് പ്രവാചകന്മാർക്ക് അവിശ്വസനീയമായിരുന്നു (1 രാജാക്കന്മാർ 20). യഹോവയുടെ ന്യായപ്രമാണത്തെ കുറിച്ച് ചിന്തിക്കുവാൻ ഈസെബേൽ കൂട്ടാക്കിയില്ല (അവൾ 1 രാജാക്കന്മാർ 21-ൽ ചെയ്തതുപോലെ, അതേ സമയം അവളുടെ സ്വന്ത ഉദ്ദേശങ്ങൾക്കായി അവയെ ദുരുപയോഗം ചെയ്യുകയും ചെയ്തു). ആഹാബിന്റെ പ്രാകാരത്തിലെ നാനൂറമ്പതു പ്രവാചകന്മാർ ഒരിക്കലും കാപട്യത്തോടുകൂടെയെങ്കിലും, യഹോവയുടെ നാമത്തിൽ സംസാരിച്ചിരുന്നില്ല (1 രാജാക്കന്മാർ 22:11, 12). പ്രവാചകശിഷ്യന്മാരുടെ സ്കൂളുകൾ തന്നെ (2 രാജാക്കന്മാർ 2:3, 5) ഉണ്ടാകുമായിരുന്നില്ല. ഏലിയാവിന്റെ പരിശ്രമ ഫലമായി എടുത്തുപറയാവുന്ന പുരോഗതി പ്രാപിച്ചു. ആഹാബിന്റെ മകൻ യെഹോരാം സിംഹാസനത്തിലേക്ക് വന്നപ്പോൾ, ''അവന്റെ അപ്പൻ ഉണ്ടാക്കിയ ബാൽ വിഗ്രഹത്തെ നീക്കം ചെയ്തു'' (2 രാജാക്കന്മാർ 3:2).

അതിനർത്ഥം എല്ലാം നേരെയായി എന്നോ, ദൈവത്തിന് ഒരു പ്രത്യേക പ്രതിനിധിയുടെ ആവശ്യമില്ല എന്നോ ധരിക്കരുത്. ബാലിനെ ആരാധിക്കൽ 2 രാജാക്കന്മാർ 10:18-27 വരെ തുടരുന്നുണ്ട്, യേഹു ബാലിനെ ആരാധിക്കുന്നവരെ കൊന്നൊടുക്കിയപ്പോഴാണ് അവൻ ''ബാലിനെ യിസ്രായേലിൽനിന്നു തുടച്ചു നീക്കിയത്'' (വാക്യം 28). മററു ദുഷ്ടതകൾ അപ്പോഴുമുണ്ടായിരുന്നു, യെരോബെയാമിന്റെ പാപങ്ങളും നിലനിന്നിരുന്നു. അതുകൊണ്ട്, യിസ്രായേലിൽ അപ്പോഴും ദൈവ പുരുഷൻ അവനു ആവശ്യമായിരുന്നു.

ഇന്നും യിസ്രായേലിൽ ദൈവത്തിന് അവന്റെ പുരുഷന്മാരും സ്ത്രീകളും ആവശ്യമാണ്. നമുക്ക് മുൻപുണ്ടായവർക്കായി ദൈവത്തെ സ്തുതിക്കാം, അവർ തങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ അഭക്തിയേയും, തെററുകളേയും അതിജീവിച്ച് ദൈവസന്ദേശം ഉപദേശിക്കുകയും പ്രസംഗിക്കുകയും ചെയ്തു. അവർ വളരെയധികം നേട്ടങ്ങൾ കൈവരിച്ചു. ലോകം മുഴുവൻ കർത്താവിന്റെ സഭകളുടെ ഇടവകകൾ നമുക്ക് കാണാം. കിഴക്കൻ യൂറോപ്പിലടക്കം സുവിശേഷീകരണം ലോകത്തിന്റെ പല ഭാഗത്തും നടക്കുന്നു. ദൈവത്തിന് അവന്റേതായ പുരുഷന്മാരും സ്ത്രീകളും ഉണ്ടായിരുന്നതിന്റെ തെളിവാണ് ഓരോ ഇടവകയും.

എങ്ങനെയായാലും, അവനെ ഏൽപിച്ച ജോലി തീർന്നു എന്നു വേണം നാം ചിന്തിക്കുവാൻ. ആത്മാക്കൾ ഇപ്പോഴും ഇരുട്ടിലാണ്, നമുക്ക് ചുററുമുള്ള ലോകത്തിൽ ആളുകൾ അവസരങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടാണിരിക്കുന്നത്. റഷ്യയിലും പൂർവ്വ യൂറോപ്പിലും കമ്യൂണിസം ഇപ്പോഴും സജിവമാണെന്നും

സുവിശേഷത്തിന്റെ വാതിൽ അവിടെ അടഞ്ഞുകൊണ്ടിരിക്കുന്നു എന്നും റഷ്യയിൽ പ്രവർത്തിക്കുന്ന എന്റെ ഒരു സ്നേഹിതൻ പറയുകയുണ്ടായി.

അമേരിക്കയിലും മറ്റു പല രാജ്യങ്ങളിലും, ''വിഗ്രഹാരാധന'' ഇപ്പോഴും നിലവിലുണ്ട്. നാം കല്ലുകൊണ്ടുണ്ടാക്കിയ വിഗ്രഹങ്ങളെ ആരാധിക്കുന്നില്ലാ, പക്ഷെ ധനസമൃദ്ധി, സ്ഥാനം, അധികാരം എന്നിവ വിഗ്രഹാരാധന പോലെ നമ്മിൽ കുടികൊള്ളുന്നു. ''ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ'' എന്നാണ് എബ്രായലേഖകൻ പറയുന്നത് (എബ്രായർ 13:5); എന്നാൽ എല്ലാ പരസ്യത്തിലും, വ്യാവസായിക പ്രഖ്യാപനങ്ങളിലും, ''നിങ്ങൾക്കുള്ളതിൽ നിങ്ങൾക്ക് തൃപ്തിയില്ല, നിങ്ങൾക്ക് കൂടുതൽ, കൂടുതൽ, കൂടുതൽ വേണം!''

ക്ഷേത്ര വേശ്യമാരുടെ ആഭാസ പ്രവൃത്തികൾ നിങ്ങൾ ചെയ്യുന്നില്ലായിരിക്കാം. ഇന്ന് അതെല്ലാം നല്ല വീടുകളിലും, നല്ല ഹോട്ടലുകളിലുമാണ് ഉള്ളത്. ലൈംഗിക അധാർമ്മികത്വത്തിലേർപ്പെടുന്നവർ ''ദൈവരാജ്യം അവകാശമാക്കുകയില്ല'' എന്ന് തിരുവെഴുത്തു പറയുന്നു (ഗലാത്യർ 5:19–21), എന്നാൽ അനവധി പേർ അധാർമ്മികതയെ ജീവിതശൈലിയാക്കി മാറ്റിയിരിക്കുകയാണ്. എയിഡ്സ് രോഗം ഒരു ദേശം എന്ന നിലയിൽ നമ്മെ വിഴുങ്ങിയിരിക്കുകയാണ്. മ്ലേച്ഛമായ അധാർമികത്വം പരിഹരിക്കുന്നതിനു പകരം, ആളുകൾ കുട്ടികളെ ജനന നിയന്ത്രണം ''സുരക്ഷിത ലൈംഗികത്വവും'' പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

തൽഫലമായി, നമ്മുടെ ദേശവും മറ്റു ദേശങ്ങളും ഹൃദയാഘാതവും, വേദനയും അധപ്പതനവും നേരിടുകയാണ്. അനേകായിരം കുടുംബങ്ങളെ ഇവ നാശത്തിലേക്ക് നയിച്ചിരിക്കയാണ് എന്നു പറയാം.

മുമ്പത്തേക്കാളധികം ഇന്ന് ദൈവത്തിനു യിസ്രായേലിൽ, പുരുഷന്മാരും സ്ത്രീകളും, ആൺകുട്ടികളും പെൺകുട്ടികളും ആവശ്യമാണ്. ദൈവത്തിന് തന്റെ വഴിയിൽ നിൽക്കുവാൻ ഇന്നും ആളുകൾ ആവശ്യമാണ്. അവരുടെ ശബ്ദത്തിൽകൂടെ ദൈവത്തെ സംസാരിച്ചു കേൾക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. വിശ്വസ്തനായിരുന്ന ഒരു പടയാളിയോ, വിശ്വസ്തയായ ''യിസ്രായേലിലെ അമ്മയോ'' ലോകം വിട്ടുകടന്നുപോകും. ആരാണ് പകരം? ആരാണ്? എന്നു ചിന്തിക്കുക.

## പ്രത്യേകതരം പുരുഷന്മാരെയും സ്ത്രീകളെയും ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയും

ഏതു തരം സ്ത്രീ പുരുഷന്മാരെയാണ് ദൈവം ഉപയോഗിക്കുന്നത്? ''തയ്യാറായവരെ, മനസുള്ളവരെ, കഴിവുള്ളവരെ'' പുതുതായി ആരംഭം കുറിക്കുന്ന വ്യക്തികളെയാണ് നാം പറയുന്നത്. ദൈവം ഉപയോഗിക്കുന്നവരെ അത്തരം വാക്കുകൾ ഉപയോഗിച്ചു വിവരിക്കാമോ എന്നു നമുക്ക് നോക്കാം:

ആദ്യമായി, ദൈവത്താൽ ഉപയോഗിക്കുവാൻ *തയ്യാറായ* ഒരാളെ ദൈവം അതിനായി ഉപയോഗിക്കും. ഏലിയാവ് നിരാശപ്പെട്ടപ്പോൾ, ദൈവം അവനോട് പറഞ്ഞു, ''നീ പുറപ്പെട്ട് ദമ്മേശക്കിന്റെ മരുഭൂമി വഴിയായി മടങ്ങിപ്പോക, നീ എത്തുമ്പോൾ ഹസായേലിനെ അരാമിന്നു രാജാവായി അഭിഷേകം ചെയ്ക. നിംശിയുടെ മകനായ യേഹുവിനെ യിസ്രായേലിന്നു രാജാവായി അഭിഷേകം ചെയ്യേണം; ആബേൽ മെഹോലയിൽനിന്നുള്ള സാഫാത്തിന്റെ മകനായ ഏലിശയെ നിനക്കു പകരം പ്രവാചകനായിട്ടു അഭിഷേകം ചെയ്യേണം'' (1 രാജാക്കന്മാർ 19:15, 16) ദൈവത്തിനായി ഒരാൾ കാത്തിരിക്കയായിരുന്നു: ഏലിശാ. ദൈവം എന്തുകൊണ്ടാണ്, എങ്ങനെയാണ് അവനെ തിരഞ്ഞെടു

ത്തത് എന്ന് എനിക്ക് അറിയില്ല. ഏലിയാവ് തന്റെ പുതപ്പ് അവന്റെ മേൽ ഇടുന്നതിനു മുൻപ് ദൈവം തന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് അവന് അറിയാമോയിരുന്നോ എന്ന് എനിക്ക് അറിയില്ല. ദൈവത്താൽ ഉപയോഗിക്കേണ്ടതിന്നു ഏലിശാ *തയ്യാറാ*യിരുന്നില്ലെങ്കിൽ, ഏലിയാവ് പുതപ്പ് ഇടുന്നത് അവനിൽ ഒരു ചലനവും സൃഷ്ടിക്കുകയില്ല.

''അങ്ങനെ അവൻ [ഏലിയാവ്] അവിടെനിന്നു പറപ്പെട്ടു സാഫാത്തിന്റെ മകനായ ഏലിശയെ കണ്ടെത്തി'' (1 രാജാക്കന്മാർ 19:19); ദൈവം നിയമിക്കുവാൻ പറഞ്ഞവനെ ഏലിയാവ് കണ്ടെത്തി. താൻ വളർന്ന സാഹചര്യത്തിൽനിന്നല്ല അവനെ കണ്ടെത്തിയത്, മറിച്ച്, യോർദ്ദാൻ താഴ്വരയിലെ ഫലപൂയിഷ്ട സ്ഥലത്തു നിന്നായിരുന്നു. ''അവൻ പന്ത്രണ്ട് ഏക്കർ കാള പൂട്ടി ഉഴുവിച്ചു കൊണ്ടിരുന്നു. പന്ത്രണ്ടാമത്തേതിനോടുകൂടെ താൻ തന്നെയായിരുന്നു. ഏലിയാവ് അരികെ ചെന്നു തന്റെ പുതപ്പ് അവന്റെ മേൽ ഇട്ടു'' (1 രാജാക്കന്മാർ 19:19). ഏലിശാ ഒരു കർഷകനായിരുന്നു. അമേരിക്കയിലെ ഉപദേഷ്ടാക്കന്മാരിലധികവും പുനരേകീകരണ കാലയളവിൽ കൃഷിക്കാരായിരുന്നു, അവർ സ്വയമായി അദ്ധ്വാനിച്ചുകൊണ്ട് എല്ലാ അവസരങ്ങളിലും സുവിശേഷം അറിയിച്ചുകൊണ്ടുമിരുന്നു. ഉപയോഗത്തിനു *തയ്യാറായ* ആരെയും ദൈവത്തിനു ഉപയോഗിക്കുവാൻ കഴിയും.

''ഏലിയാവ് അവന്റെ അരികെ ചെന്നു തന്റെ പുതപ്പ് അവന്റെമേൽ ഇട്ടു'' (1 രാജാക്കന്മാർ 19:20)[7]. ഏലിശാക്ക് അത് ഒരു അസാധാരണ നിമിഷമായിരുന്നു. ഏലിശാ ഏലിയാവിനെ കുറിച്ച് കേട്ടിരിക്കാം, പക്ഷെ അവർ തമ്മിൽ മുൻപ് കണ്ടിരുന്നതായി ഒരു സൂചനയുമില്ല. ഒരു ദിവസം ഏലിശാ ഉഴുതുകൊണ്ടിരുന്നപ്പോഴായിരുന്നു എവിടെനിന്നോ ഒരു അപരിഷ്കൃതമനുഷ്യൻ തീ പോലെയുള്ള കണ്ണുകളുമായി വരുന്നു. ആ മനുഷ്യൻ ഏലിശായെ നോക്കി, തന്റെ പുതപ്പ് വലിച്ചെടുത്ത് – തോളിലിട്ട പരുപരുത്ത വസ്ത്രം, അവന്റെ വിയർപ്പിന്റെ ഗന്ധവുമുണ്ടായിരിക്കും, അവൻ യാത്ര ചെയ്തു വന്നപ്പോൾ, പൊടിപടലങ്ങളും അതിൽ പറ്റിപ്പിടിച്ചിരിക്കും, രാത്രിയിൽ ഉപയോഗിക്കുന്ന തലയിണ പോലെ ഉപയോഗത്താൽ മുഷിഞ്ഞതുമാകാം. അവൻ ഒന്നും പറയാതെ, ആ പുതപ്പ് എടുത്ത്, ഏലിശായുടെ തോളിലേക്ക് ഇട്ടു.

സ്പഷ്ടമായും, അതിന്റെ അർത്ഥം എന്തെന്ന് ഏലിശായ്ക്ക് അറിയാമായിരുന്നു. ഒരുപക്ഷെ ഏലിശാക്ക് ദൈവം ഒരു ദർശനം നൽകിയിരിക്കാം. അതിലുപരിയായി, ഏലിയാവിനെ കുറിച്ചും, അവന്റെ പുതപ്പിനെ കുറിച്ചും അറിയാമായിരുന്നതിനാൽ, അവന്റെ പ്രകടനങ്ങളുടെ പ്രാധാന്യവും അവനു ബോധ്യമായിരിക്കും.

ഏലിശായുടെ പ്രതികരണം എന്തായിരിക്കും? തന്റെ ഇഷ്ടം ചെയ്യുവാൻ ദൈവം ആരെയും നിർബ്ബന്ധിക്കുകയില്ല. അവൻ നമുക്ക് സ്വതന്ത്രമായി ചിന്തിച്ചു പ്രവർത്തിക്കുവാനുള്ള അവസരം ഒരുക്കിയിരിക്കുന്നു; അവനെ സേവിക്കണോ വേണ്ടയോ എന്നു നമുക്ക് തീരുമാനിക്കാം. ഏലിശായുടെ പ്രതികരണം ക്രിയാത്മകവും പെട്ടെന്നുള്ളതുമായിരുന്നു. ''അവൻ കാളയെ വിട്ടു ഏലിയാവിന്റെ പിന്നാലെ ഓടി; ഞാൻ എന്റെ അപ്പനേയും അമ്മയേയും ചുംബിച്ചുകൊള്ളട്ടെ, അതിന്റെ ശേഷം ഞാൻ നിന്റെ പിന്നാലെ വരാം എന്നു പറഞ്ഞു. പോയ് വരിക, എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നു എന്നോർക്ക എന്നു പറഞ്ഞു'' (1 രാജാക്കന്മാർ 19:20). ദേശത്തെ കാർന്നു തിന്നുകൊണ്ടിരുന്ന അർബ്ബുദ ബാധ നിമിത്തം അവന്റെ ആത്മാവ് കത്തി

ക്കൊണ്ടിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ''ഞാൻ പോരുവാൻ തയ്യാറാണ്,'' എന്നാൽ, ''എന്റെ അപ്പനോടും അമ്മയോടും'' ഒന്നു യാത്ര-പറയുവാൻ അനുവദിക്കണം.''

ചിലർ പറഞ്ഞേക്കാം, ഒരാൾ യേശുവിനോട്, ''കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം, ആദ്യം എന്റെ വീട്ടിലുള്ളവരോട് യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞതിനു'' യേശു അവനോട്, ''കലപ്പക്കു കൈവെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല എന്നു പറഞ്ഞു'' (ലൂക്കൊസ് 9:61, 62). അതെന്താണ്? തന്റെ അപ്പനേയും അമ്മയേയും ചുംബിച്ചു വരുവാൻ അനുവാദം തരേണം എന്നു പറഞ്ഞപ്പോൾ, ഏലിയാവ് പറഞ്ഞു, ''എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നു എന്ന് ഓർക്ക'' (1 രാജാക്കന്മാർ 19:20). രണ്ട് സംഭവങ്ങളും ഒന്നു തന്നെയാണെന്നാണ് ഞാൻ കരുതുന്നത്. ഏലിശാ അപ്പോൾ തന്നെ പോകുവാൻ തയ്യാറായിരുന്നോ എന്ന് എനിക്ക് തീർച്ചയില്ല!

വ്യത്യാസം ഉണ്ടായിരുന്നത് അതിൽ ഉൾപ്പെട്ടവരുടെ ഹൃദയങ്ങളിലായിരുന്നു. ശിഷ്യന്മാരാ-കുവാനുള്ള മൂന്നു പേരുടെ ഹൃദയങ്ങളെ ആണ് യേശു ലൂക്കൊസ് 9:57-62-ൽ കാണുന്നത്. മുഴുവൻ-സമയ ശിഷ്യന്മാരാകുവാൻ അവർ പൂർണ്ണമായി സമർപ്പിക്കപ്പെടാതിരുന്നതുകൊണ്ട് ഒഴികഴിവുകൾ പറയുന്നതാണെന്ന് യേശു മനസിലാക്കിയിരുന്നു, എന്നാൽ ഭാവിയിലേക്കല്ല, അപ്പോഴായിരുന്നു അവർ സമർപ്പിക്കപ്പെടേണ്ടത് എന്നാണ് യേശു പറഞ്ഞത്. എന്നാൽ തുടർന്നുള്ള ഏലിശായുടെ കാര്യം നാം നോക്കിയാൽ, അവൻ പറഞ്ഞതു ഒഴികഴിവായിരുന്നില്ല, പിന്നെയോ തന്റെ ഒരു കടമ ചെയ്തിട്ടു ഉടനെ തന്നെ അവൻ ഏലിയാവിനെ അനുഗമിക്കയായിരുന്നു എന്നു കാണാം.

തുടർന്നുള്ള സംഭവങ്ങൾ വായിച്ചാൽ ഏലിയാവിന്റെ പ്രസ്താവന ശാസനയായിരുന്നില്ല എന്നു മനസിലാകും.[8] എല്ലാവരോടും പെട്ടെന്ന് യാത്ര പറഞ്ഞു വരുവാനായിരുന്നു ഏലിയാവ് അനുവദിച്ചത്. ''ഞാൻ നിനക്ക് ചെയ്തത്'' എന്നതിൽ അന്തർലീനമായിരിക്കുന്നത്, ''ഒരു പ്രവാചകനാകുവാനാണ് ഞാൻ നിന്നെ വിളിച്ചത്. അതിനർത്ഥം നിന്റെ എല്ലാ കുടുംബ ബന്ധങ്ങളും ഉപേക്ഷിക്കണമെന്നല്ല,[9] നീ എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് അവരോട് പറയുക; പിന്നെ എന്റെ പിന്നാലെ വരിക.''[10] എന്നാകാം ഏലിയാവ് അർത്ഥമാക്കിയത്.

> അങ്ങനെ അവൻ [ഏലിശാ] അവനെ [ഏലിയാവിനെ] വിട്ടു ചെന്നു ഒരു ഏർ കാളയെ [അവൻ ഉഴുതുകൊണ്ടിരുന്ന] പിടിച്ചു അറുത്തു [കർമ്മേൽ പർവ്വതത്തിൽ യാഗം അർപ്പിച്ചതുപോലെ][11] കാളയുടെ മരക്കോപ്പുകൊണ്ട് [മരത്തിന്റെ നുകവും കെട്ടുവള്ളിയും][12] മാംസം പാകം ചെയ്തു ജനത്തിന് കൊടുത്തു; അവർ തിന്നു; പിന്നെ അവൻ എഴുന്നേറ്റു ഏലിയാവിന്റെ പിന്നാലെ ചെന്നു അവന്നു ശുശ്രൂഷകനായി തീർന്നു (1 രാജാക്കന്മാർ 19:21).

ഏലിശാ ഒരു ആഘോഷവിരുന്ന് ഒരുക്കി, തന്നെത്തനെ നൽകുന്നതായി എല്ലാവരോടും യാത്രാമൊഴി നൽകി സ്നേഹിതർക്കും കുടുംബക്കാർക്കുമെല്ലാം ആയിരുന്നു ആ വിരുന്ന്. തന്റെ ഉപജീവനമാർഗം തന്നെയായിരുന്നു അതിനുള്ള വിഭവങ്ങൾ. ഏലിശാ തന്റെ പിന്നിലുള്ള പാലം കത്തിച്ചുകളഞ്ഞു. അതു

ആഭിചാരപ്രവൃത്തികൊണ്ട് ഉപജീവനം നടത്തിയിരുന്നവർ മാനസാന്തരപ്പെട്ട പ്പോൾ ഉപയോഗിച്ച പുസ്തകങ്ങളെല്ലാം പരസ്യമായി കത്തിച്ചുകളഞ്ഞതാണ് നമ്മെ ഓർപ്പിക്കുന്നത് (പ്രവൃത്തികൾ 19:19).

''അവൻ എഴുന്നേറ്റു ഏലിയാവിന്റെ പിന്നാലെ ചെന്ന് അവന്നു ശുശ്രൂഷകനായി തീർന്നു'' (1 രാജാക്കന്മാർ 19:21). ഏലിശാ മടിച്ചില്ല. അവൻ ''യാത്ര - പറഞ്ഞു'' മീൻ-പിടിത്തക്കാർ സകലവും വിട്ട് യേശുവിനെ അനുഗമിച്ചതുപോലെ, ഏലിയാവിനെ പിൻപറ്റി (മത്തായി 4:20).

ദൈവം ഏലിശായെ തിരഞ്ഞെടുത്തതുപോലെ, ദൈവം *നിങ്ങളെ* - പ്രത്യേകമായി, വ്യത്യസ്തമായി തിരഞ്ഞെടുത്തിരിക്കുന്നു. മറ്റാർക്കും ചെയ്യുവാൻ കഴിയാത്ത വേല ചെയ്യുന്നതിനായിട്ടാണ് ദൈവം നിങ്ങൾക്കു ജീവനും, സമയവും കഴിവും താലന്തും നൽകിയിരിക്കുന്നത്.

ഇവിടെ എനിക്ക് തടസവാദങ്ങൾ കേൾക്കാം: ''എന്നാൽ എനിക്ക് പ്രത്യേക താലന്ത് ഒന്നുമില്ലല്ലൊ''; ''എനിക്കു പ്രായമായി''; ''എന്റെ കുടുംബത്തെ പോറ്റി വളർത്തേണ്ട ഉത്തരവാദിത്തം കിടക്കുന്നു''; ''കർത്താവിനു വേണ്ടി എനിക്ക് ചെയ്യുവാൻ ഒന്നുമല്ല.''

എന്റെ മൂത്ത മകൾ സിന്ധിയും ഭർത്താവും അവരുടെ മക്കളെ (എന്റെ ചെറുമക്കളെ!) റോമേനിയയിലെ ബ്രാസോവിൽ വളർത്തിക്കൊണ്ടുവരുന്നു, അവിടെ അവർ മിഷ്ണറിമാരായി പ്രവർത്തിക്കുന്നു. അവിടെ പ്രവർത്തനം തുടങ്ങിയ അംഗങ്ങൾ പ്രായമായപ്പോൾ അവരുടെ ജോലിയിൽനിന്നു വിരമിച്ചു, പക്ഷെ കർത്താവിന്റെ വേലയിൽനിന്നു വിരമിച്ചില്ല. മറ്റൊരു പ്രവർത്തക, അവിവാഹിതയായ ഒരു സ്ത്രീ ആയിരുന്നു, അവർ അനേക രാജ്യങ്ങളിൽ മിഷ്ണറി പ്രവർത്തനം നടത്തിയിരുന്നു. യവ്വന പ്രായത്തിലും, പ്രായമായ അവസ്ഥയിലും, സ്ത്രീയായാലും പുരുഷനായാലും, വിവാഹിതരായാലും അല്ലെങ്കിലും, മക്കളുള്ളവരായാലും അല്ലെങ്കിലും - ദൈവ വേല എല്ലാവരിലും നിക്ഷിപ്തമാണ്.

എതിർക്കുന്നവർ വാദിച്ചേക്കാം, ''അതു ഞങ്ങളെ സംബന്ധിച്ച് കടുംകൈയ്യാണ്! കാരണം ഇവിടെ നമുക്ക് ചുറ്റും ഞങ്ങൾക്ക് ഒന്നും ചെയ്യുവാനില്ല.'' എഴുപതു വയസിലധികം പ്രായമുള്ള അനാരോഗ്യത്തിലായ എന്റെ ഒരു സ്നേഹിതന്റെ കത്താണ്.[13] അനേക വർഷത്തെ അവിശ്വസ്തതക്കുശേഷം അയാൾ സഭയിലേക്ക് മടങ്ങി വന്നിരിക്കുകയാണ്. ഒരു ഞായറാഴ്ച്ച, ഇടവകയിലെ എല്ലാവർക്കും പ്രത്യേക ശുശ്രൂഷക്കായി ഒരു വെല്ലുവിളി നൽകി, ആ സ്നേഹിതൻ ദുഃഖത്തോടെ എന്നോട് പറഞ്ഞു, ''ഞാൻ എന്റെ വർഷങ്ങളും, താലന്തുകളും അനാവശ്യമായി ചെലവഴിച്ചു.'' അദ്ദേഹം തനിക്ക് ചെയ്യാവുന്നത് കണ്ടെത്തുവാൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ടു; നല്ല ഇംഗ്ലീഷ് വശമുണ്ടെങ്കിലും, അങ്ങനെ ഒന്നില്ല എന്നാണ് അയാൾ കരുതിയത്; പ്രാദേശിക വർത്തമാന പത്രത്തിലേക്ക് അദ്ദേഹം എഴുതിയ ലേഖനങ്ങൾ ഞാൻ വായിച്ചിരുന്നു. ചർച്ച് ബുള്ളെറ്റിനിൽ ലേഖനങ്ങൾ എഴുതുവാൻ ഞാൻ അദ്ദേഹത്തെ പ്രോൽസാഹിപ്പിച്ചു. മറ്റേതെല്ലാം വിധത്തിൽ അദ്ദേഹത്തിന്റെ താലന്തുകൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് ചിന്തിക്കുവാൻ പറഞ്ഞു. പത്രാധിപർക്ക് അദ്ദേഹം അവസാനം എഴുതിയ കത്തിലെ ഉള്ളടക്കവും ഞാൻ സൂചിപ്പിച്ചിരുന്നു. അതിന്റെ തലവാചകം ഇങ്ങനെയായിരുന്നു, ''മോശമായ, തരംതാഴ്ന്നതും, ആകാത്തതുമായ ടിവി പരിപാടികൾക്കെതിരായി സഭാദ്ധ്യക്ഷന്മാർ പൊരുതണം.'' അതിലെ അവസാന ഖണ്ഡിക ഇപ്രകാരമാണ്, ''നമ്മുടെ ദേശത്തിന്റെ

നാശം നാം പുറകിലിരുന്നു നോക്കി വെറും കാഴ്ച്ചക്കാരായിരിക്കണോ, അതോ അതു മതി എന്നു വിചാരിച്ച് അതിനെതിരായി പോരാടേണമോ?'' ആ ലേഖനം ഈ പാഠത്തിനു വേണ്ടി എഴുതിയതുപോലെ തോന്നി!

ദൈവത്തിനു എന്നെ ഉപയോഗിക്കുവാൻ കഴിയുമോ എന്നല്ല ചോദിക്കേണ്ടത്. ആദ്യം ചോദിച്ച ചോദ്യത്തിന്, ''പോരാടണം!'' എന്നാണ് ഉത്തരം. അവനാൽ ഉപയോഗിക്കപ്പെടേണ്ടതിനു നിങ്ങൾ *തയ്യാറാ*ണോ?

രണ്ടാമത്, തന്നെത്തന്നെ *ഒരുക്കുന്ന* ഒരാളെ ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയും. ഏലിശാക്ക് കൽപന ലഭിച്ചപ്പോൾ, അവൻ ഏലിയാവിനെ പിൻപറ്റി, സ്പഷ്ടമായും വരുവാനുള്ള അനവധി വർഷത്തേക്കുള്ള പ്രവർത്തനത്തിന് അവനെ ഒരുക്കി. അവൻ ഏലിയാവിനോടുകൂടെ സഞ്ചരിച്ചത്, ഒരു ''സഹശുശ്രൂഷകനായോ,'' അല്ലെങ്കിൽ, ''ആടുകളുടെ ഇടയ – ചുമതലയുമായോ,'' ''കാഴ്ച്ചയിൽ–മാത്രം കാണാവുന്ന അവകാശി'' ആയോ ആയിരുന്നില്ല. അവൻ ഒരു ശുശ്രൂഷകനായിട്ടായിരുന്നു സഞ്ചരിച്ചത്. ''പിന്നെ ... ഏലിയാവിന്റെ പിന്നാലെ ചെന്നു അവന്നു *ശുശ്രൂഷകനായി* [സേവകനായി] തീർന്നു'' (1 രാജാക്കന്മാർ 19:21; എംഫസിസ് മൈൻ). രണ്ട് രാജാക്കന്മാർ 3:11 പറയുന്നത് അവൻ ഏലിയാവിന്റെ കൈകൾക്ക് വെള്ളം ഒഴിച്ചു കൊടുത്തു എന്നാണ്; അത് ഏറ്റവും കുറഞ്ഞ ഒരു ജോലിയാണ്. ദൈവം നമ്മെ ഉപയോഗിക്കണമെങ്കിൽ, നാം ഏതൊരു ശുശ്രൂഷക്കും ഒരുങ്ങണം.

ഏലിയാവ് ശുശ്രൂഷിച്ചപ്പോൾ, അവൻ പരിശീലന–ജോലിയിലായിരുന്നു. ഫലത്തിൽ ഏലിയാവ് അവനോട് പറഞ്ഞത്, ''ആദ്യം ഞാൻ ചെയ്യുന്നതു നോക്കുക, പിന്നെ ചെയ്തു നോക്കുക.'' ഇത്തരത്തിലുള്ള പരിശീലനത്തിലായിരുന്നു അമേരിക്ക വർഷങ്ങളോളം. ഈ വിധത്തിലാണ് മൃഗങ്ങളും പക്ഷികളും അവയുടെ ചെറിയവയെ പരിശീലിപ്പിക്കുന്നത്. പലപ്പോഴും അതു നല്ല പരിശീലനമാണ്.

2 രാജാക്കന്മാർ 2–ൽ ഏലിശായ്ക്കു വേണ്ടി വെള്ളം പിരിയുന്നത് പ്രവാചകശിഷ്യന്മാർ കണ്ടപ്പോൾ, അവർ ഉച്ചത്തിൽ നിലവിളിച്ചു, ''ഏലിയാവിന്റെ ആത്മാവ് ഏലിശയിൽ അധിവസിക്കുന്നു'' (വാക്യം 15). എങ്ങനെയായാലും, ഏലിശാ പുതപ്പ് എടുത്തു നദിയിൽ അടിച്ചപ്പോൾ മുതൽ ഏലിയാവിന്റെ ആത്മാവ് അവനിൽ ഉണ്ടായിരുന്നു. അവൻ ഓരോ ദിവസവും വടക്കേ രാജ്യത്തിലെ പൊടിയുള്ള വീഥികളിലൂടെ പ്രവാചകനെ പിൻപറ്റി നടക്കുമ്പോഴും, പർവ്വതങ്ങൾ കയറുമ്പോഴും അവന്റെ ആത്മാവിന്റെ പങ്ക് അവനിൽ വളരുകയായിരുന്നു. അവൻ നീണ്ട ശൈത്യമുള്ള രാത്രികളിലും തുറസായ സ്ഥലങ്ങളിൽ കൂടെയും ഏലിയാവോടുകൂടെ നടന്നപ്പോൾ, ഒരു പ്രവാചകൻ എന്നു പറഞ്ഞാലെന്താണെന്ന് അവൻ പഠിച്ചു. വീട്ടുകാരുമായി സാഹസയാത്ര നടത്തുന്നതുപോലെയല്ല, ഗിലെയാദിൽനിന്നുള്ള ഒരു വന്യ മനുഷ്യനുമായി മലകൾ കയറിയിറങ്ങുന്നത്. എങ്ങനെയായാലും, ഏലിശാക്ക് അതു പ്രയാസമായി തോന്നിയില്ല. അവൻ ശുശ്രൂഷക്കായി ഒരുങ്ങിയിരുന്നു. പുതപ്പ് എടുക്കേണ്ട സമയം വന്നപ്പോൾ, അവൻ അതിനു തയ്യാറായിരുന്നു.

നിങ്ങൾക്ക് ചെയ്യുവാനായി ദൈവത്തിന് ഒരു ജോലിയുണ്ട്. നിങ്ങൾക്ക് അതു ചെയ്യുവാൻ കഴിവുകളും താലന്തുകളുമുണ്ട് (മത്തായി 25). അതിനർത്ഥം അതു സ്വാഭാവികമായി വന്നുകൊള്ളും എന്നല്ല. അവസരമുണ്ട്, അതിന് തയ്യാറെടുപ്പ് ആവശ്യമാണ് – ഒരുപക്ഷെ വർഷങ്ങളുടെ തയ്യാറെടുപ്പ് ആവശ്യമായി വന്നേക്കാം – അവ മുഴുവനായി യജമാനനു വേണ്ടി ഉപയോഗിക്കുവാൻ.

ഞാൻ ഒരു ലേഖനം എഴുതിക്കൊണ്ടിരുന്നപ്പോൾ, അതിന്റെ ആവശ്യത്തിനായി ഒരു ഹാസ്യഇന്ദ്രജാലം നടത്തിക്കൊണ്ടിരുന്ന ഒരാളുമായി ഞാൻ ഒരു അഭിമുഖ സംഭാഷണം നടത്തി. സംഭാഷണ മദ്ധ്യേ അദ്ദേഹത്തിന്റെ ഭാര്യ കുനിഞ്ഞ് ആത്മവിശ്വാസത്തോടെ പറഞ്ഞു, ''അദ്ദേഹത്തിനു ഷോ നടത്തുവാൻ വലിയ ഇഷ്ടമാണ്, പക്ഷെ അദ്ദേഹത്തിന് 'പി' അക്ഷരങ്ങൾ ഇഷ്ടമല്ല'' എന്താണ് 'പി' കൾ എന്നു ചോദിച്ചതിന് അവർ പറഞ്ഞു, ''പ്രിപ്പറേഷനും പ്രാക്ടീസും.''

മിക്ക തയ്യാറെടുപ്പും തമാശയല്ല, എന്നാൽ ജീവിതത്തിൽ തയ്യാറെടുപ്പും പരിശീലനവുമില്ലെങ്കിൽ, അധികമൊന്നും നേടുവാൻ സാധ്യമല്ല. എനിക്ക് ഫുട്ബാൾ കളി ഇഷ്ടമാണ്. ഓക്‌ളഹോമ ചൂടിൽ, കഠിന പരിശീലനം നടത്തുവാൻ ഞാൻ പോയില്ല. അതിന്റെ വേദനയും, വിയർപ്പും, ശ്വാസോഛ്വാസവും ഇന്നും ഞാൻ ഓർക്കുന്നു. തയ്യാറെടുപ്പ് ഞാൻ ഇഷ്ടപ്പെട്ടില്ല. ഞാൻ ഫുട്ബാൾ കളിക്കുവാൻ പോകുന്നുവെങ്കിൽ, തയ്യാറെടുപ്പ് നടത്തണം. എനിക്ക് പ്രസംഗിക്കുവാൻ ഇഷ്ടമാണ്, എന്നാൽ തയ്യാറെടുപ്പിലും, ആവശ്യമായ പരിശീലനത്തിലും ഞാൻ ആവേശം കൊള്ളാറില്ല (പ്രത്യേകിച്ച് മനപ്പാഠം പഠിക്കുന്നതിൽ), എന്നാൽ ഞാൻ എന്റെ കഴിവിന്റെ പരമാവധി കർത്താവിനു വേണ്ടി ചെയ്യുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് തയ്യാറെടുപ്പും പരിശീലനവും നടത്തുന്നത്.

ഒരുങ്ങുവാനുള്ള ഏററവും നല്ല വഴി ഏലിശാ ചെയ്തതുപോലെ ചെയ്യലാണ്: സത്യസന്ധനായ ഒരു ദൈവപുരുഷനുമായി എത്ര സമയം ചെലവിടാമോ അത്രയും സമയം ചെലവിടുകയും, അയാളെ സഹായിക്കുന്നതിന് എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യുക. അങ്ങനെ ചെയ്യുന്നതിനാൽ നിങ്ങൾ പഠിക്കുകയാണ് ചെയ്യുന്നത്. ദൈവവേല എന്താണെന്ന് അങ്ങനെ നിങ്ങൾ മനസിലാക്കും.

മൂന്നാമതായി, അവസാനത്തോളം സഹിക്കുന്ന ഒരാളെ ദൈവത്തിനു ഉപയോഗിക്കുവാൻ കഴിയും. ഏലിയാവ് തന്റെ ഭൂമിയിലെ അവസാന നാൾ ഏലിശായോടുകൂടെയാണ് ചെലവഴിച്ചത്. അവർ ഗിൽഗാലിൽനിന്നു ബെഥേലിലേക്കും, അവിടെനിന്നു യെരിഹോവിലേക്കും, പിന്നെ യോർദ്ദാൻ നദിയിലേക്കും അവർ സഞ്ചരിച്ചു. ഏലിയാവ് പുതപ്പ് ചുരുട്ടി വെള്ളത്തിൽ അടിച്ചു.[14] വെള്ളം വേർപിരിഞ്ഞു, അവർ ഉണങ്ങിയ നിലത്തുകൂടെ നദി കടന്നു (2 രാജാക്കന്മാർ 2:8).

അവർ നദിക്കക്കരെ കടന്നപ്പോൾ ഏലിയാവ് പറഞ്ഞു, ''ഞാൻ നിങ്കൽനിന്നു എടുത്തുകൊള്ളപ്പെടുംമുമ്പെ, ഞാൻ നിനക്ക് എന്തു ചെയ്തു തരേണം?'' (വാക്യം 9). അവൻ പിരിഞ്ഞുപോകുമ്പോൾ തന്റെ വിശ്വസ്ത പിൻഗാമിക്ക് എന്തെങ്കിലും സമ്മാനം, സ്നേഹപ്രകടനമായി കൊടുപ്പാൻ അവൻ ആഗ്രഹിച്ചു. ഏലിശാ അതിനു മറുപടി പറഞ്ഞു, ''നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടെ'' (വാക്യം 9). ഏലിയാവിന്റെ ആത്മിയ അവകാശിയാകുവാനാണ് ഏലിശാ ആഗ്രഹിച്ചത് (ആവർത്തനപുസ്തകം 21).[15] ഞാൻ എടുക്കപ്പെടുന്നതു നീ കണ്ടാൽ നിനക്ക് അങ്ങനെ സംഭവിക്കും എന്ന് ഏലിയാവ് അവനോട് പറഞ്ഞു (വാക്യം 10).

വാക്യം 11 പറയുന്നു, ''അങ്ങനെ അവർ സംസാരിച്ചുകൊണ്ട് പോയപ്പോൾ ...'' അവർ സംസാരിച്ചത് എന്താണെന്ന് അറിയുവാൻ നിങ്ങൾക്ക് താൽപര്യമില്ലേ? എലിയാവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ദിവസങ്ങളെ

കുറിച്ച് അവൻ സംസാരിച്ചിരിക്കയില്ലേ? കർമ്മേൽ പർവ്വതത്തിൽവെച്ചു സംഭവിച്ചതും മറ്റു സംഭവങ്ങളെ കുറിച്ചെല്ലാം അവർ സംസാരിച്ചിരിക്കയില്ലേ? അവർ ഒരുമിച്ചായിരുന്നപ്പോൾ സംഭവിച്ച രസകരമായ കാര്യങ്ങൾ പറഞ്ഞു ചിരിച്ചു കാണും.

അവർ സംസാരിച്ച് നടന്നുപോയപ്പോൾ, ''അഗ്നി രഥവും അഗ്നിയശ്വങ്ങളും പ്രത്യക്ഷമായി'' അതു ഏലിയാവിനും ഏലിശാക്കും മദ്ധ്യേ നിന്നു. ചുഴലിക്കാറ്റിൽ, പൊടിയുണ്ടായിരുന്നുവെങ്കിലും, ഏലിശാക്ക് ഏലിയാവിനെ കാണാമായിരുന്നു. അവൻ നോക്കിക്കൊണ്ടിരുന്നപ്പൾ, ഏലിയാവ് പോകുകയും, കാഴ്ച്ചക്കു മറയുകയും ചെയ്തു (വാക്യം 11)!

ഏലിയാവ് അപ്രത്യക്ഷനായപ്പോൾ, അതിയായ ദുഃഖം നിമിത്തം അവന്റെ നീണ്ടുകിടന്ന വസ്ത്രം പിടിച്ച് രണ്ടായി കീറി.[16] ആ സമയത്ത്, ഏലിശാ സന്തോഷിക്കുന്നതിനുപകരം ദുഃഖിക്കുകയായിരുന്നു, നമ്മുടെ വേണ്ടപ്പെട്ടവർ പേർപിരിഞ്ഞുപോകുമ്പോൾ നമുക്കും ദുഃഖമുണ്ടാകും. മരിച്ചത് വിശ്വസ്ത ക്രിസ്ത്യാനിയാണെങ്കിൽ, അവർക്ക് അത് വിജയവും, നമുക്ക് അതു നഷ്ട സമയവുമാണ്. നാം കരയും (എന്നാൽ ''പ്രത്യാശയില്ലാത്ത മറ്റുള്ളവരെ പോലെ'' അല്ല).[17]

പൊടിയമർന്നപ്പോൾ, ഏലിയാവ് എടുക്കപ്പെട്ട സ്ഥലത്തുനിന്നു ഏലിശാ നടന്നുപോയി. ഏലിയാവിന്റെ പുതപ്പ് നിലത്തു കിടക്കുകയായിരുന്നു.[18] സ്പഷ്ടമായും, ഏലിയാവിനെ സംബന്ധിച്ച് പുതപ്പ് ഒഴിച്ച് അവന്റെ മറ്റെല്ലാ വസ്ത്രങ്ങളും അവനോടൊപ്പം എടുക്കപ്പെട്ടു. എങ്ങനെയായാലും, പുതപ്പ് അവൻ പിന്നിൽ വിട്ടിട്ടാണ് പോയത്. ഏലിയാവ് ആദ്യം പുതപ്പിലേക്കും പിന്ന യോർദ്ദാൻ നദിയിലേക്കും നോക്കി.[19] അവന്റെ മനസിൽ പല വികാരങ്ങളുടെ വേലിയേറ്റമുണ്ടായി കാണും. എന്തെല്ലാം ആവേശമുണ്ടായി കാണും, എന്തെല്ലാം ഉണ്ടായി കാണുകയില്ല.

അവൻ പുതപ്പ് എടുത്ത് യോർദ്ദാൻ നദിയിലേക്ക് നീങ്ങി (വാക്യം 13). ചളിയുള്ള നദിക്കരികിലെത്തിയപ്പോൾ ഏലിശാ, ''ഏലിയാവിന്റെ ദൈവമായ യഹോവ എവിടെ? എന്നു ചോദിച്ചു[20] വെള്ളത്തിൽ അടിച്ചു.'' (വാക്യം 14). ഏലിശായുടെ വാക്കുകളിൽ ദൈവത്തിന്റെ നിലനിൽപിനെ കുറിച്ച് യാതൊരു സംശയവുമില്ല. ''കർത്താവേ നീ *ഇവിടെ* ഉണ്ടോ? എനിക്ക് ഇരട്ടി പങ്ക് ലഭിച്ചിട്ടുണ്ടോ? ഏലിയാവിനു വേണ്ടി വെള്ളം മാറിയതുപോലെ എനിക്കു വേണ്ടിയും മാറുമോ?'' അങ്ങനെ സംഭവിച്ചു (വാക്യം 14)!

സംഭവിച്ചതെല്ലാം പ്രവാചകശിഷ്യന്മാർ നോക്കിക്കൊണ്ടിരുന്നു (വാക്യം 7). യെരിഹോവിനടുത്തുള്ള ഉയർന്ന സ്ഥലമായിരുന്നതിനാൽ ഏലിയാവിനും ഏലിശാക്കും തമ്മിൽ അൽപം ദുരമുണ്ടായിരുന്നു. ചിലതു സംഭവിച്ചു എന്ന് അവർക്ക് പറയുവാൻ കഴിഞ്ഞു, പക്ഷെ എന്തായിരുന്നു എന്ന് അവർക്ക് തീർച്ചയില്ലായിരുന്നു. എങ്ങനെയായാലും, ഏലിയാവിനു വേണ്ടി വേർ പിരിഞ്ഞത് അവർക്ക് കാണുവാൻ കഴിഞ്ഞിരുന്നു, ഇപ്പോൾ ഏലിശാക്ക് പടിഞ്ഞാറോട്ടു പോകുവാനും വെള്ളം വേർപിരിഞ്ഞതു അവർ കണ്ടു. തീർപ്പ് വ്യക്തമായി തോന്നി.

> ... യെരിഹോവിൽ അവനെതിരെ നിന്നിരുന്ന പ്രവാചകശിഷ്യന്മാർ അവനെ കണ്ടിട്ട്, ''ഏലിയാവിന്റെ ആത്മാവ് ഏലിശയുടെ മേൽ അധിവസിക്കുന്നു'' എന്നു പറഞ്ഞു, അവനെ എതിരേറ്റു ചെന്നു അവന്റെ

മുമ്പിൽ സാഷ്ടാംഗം വീണു (വാക്യം 15).

പ്രവാചകശിഷ്യന്മാർ ഏലിയാവിനെ അത്യധികം ബഹുമാനിച്ചിരുന്നു,[21] ഇപ്പോൾ ഏലിശായെയും ബഹുമാനിക്കുന്നു.

ഏലിയാവിനു എന്തു സംഭവിച്ചു എന്നു പ്രവാചകശിഷ്യന്മാർക്ക് തീർച്ച യില്ലായിരുന്നു. കാരണം മരിക്കാതെ സ്വർഗത്തിലേക്ക് എടുത്ത ഒരു സംഭവം മാത്രമേ ഇതുവരെ ഉണ്ടായിട്ടുള്ളു, അങ്ങനെ തന്നെ ഏലിയാവിനു സംഭവിച്ചു എന്നു വിശ്വസിക്കുവാൻ അവർക്ക് പ്രയാസം നേരിട്ടിരിക്കാം. ''യഹോവയുടെ ആത്മാവിനാൽ'' ഏലിയാവ് ഇവിടെയും അവിടെയുമെല്ലാം പ്രത്യക്ഷപ്പെട്ട ചരിത്രം അവനുണ്ടായിരുന്നു (1 രാജാക്കന്മാർ 18:12). ദൈവം അവനെ മറ്റൊ രുസ്ഥാനത്തേക്ക് മാറ്റിയിരിക്കുകയാണെന്നാണ് അവർ വിചാരിച്ചത്.[22]

> അവർ അവനോട് [ഏലിശായോട്] ''ഇതാ അടിയങ്ങളോടുകൂടെ അമ്പതു ബലശാലികൾ ഉണ്ട്. അവർ ചെന്നു നിന്റെ യജമാനനെ അന്വേഷിക്കട്ടെ, പക്ഷെ യഹോവയുടെ ആത്മാവ് അവനെ എടുത്ത് വല്ല മലയിലോ താഴ്വ രയിലോ ഇട്ടിട്ടുണ്ടായിരിക്കും എന്നു പറഞ്ഞു'' (വാക്യം 16).

പ്രവാചകശിഷ്യന്മാർ തങ്ങളെ ഏലിശായുടെ ''ദാസന്മാരായിട്ടാണ്'' പറഞ്ഞത്. അന്വേഷണത്തിന് അവർ അവന്റെ അനുവാദവും ചോദിച്ചു. ഏലിയാവിനെ അന്വേഷിക്കുന്നത് സമയം പാഴാക്കലാണെന്ന് ഏലിശാക്ക് അറിയാമായിരു ന്നു. ആദ്യം അവൻ പറഞ്ഞു, ''വേണ്ട'' (വാക്യം 16). ഏലിശാ ''ലജ്ജിക്കപ്പെ ടുന്നതുവരെ'' പ്രവാചകശിഷ്യന്മാർ ചോദിച്ചുകൊണ്ടേയിരുന്നു (വാക്യം 17) – താൻ ലജ്ജിതനാകുന്നതുവരെ തുടർച്ചയായി അവൻ അനുവാദത്തെ നി ഷേധിച്ചുകൊണ്ടിരുന്നു. ''നിരസിക്കുവാൻ മനസില്ലാതെ'' എന്നാണ് എൻഈ ബിയിൽ. അവസാനം ഏലിശാ പറഞ്ഞു, ''അയക്കുക'' (വാക്യം 17). അവർ മൂന്നു ദിവസം അന്വേഷിച്ചുവെങ്കിലും, അവർക്ക് ഏലിയാവിനെ കണ്ടെത്തു വാനായില്ല (വാക്യം 17).

ഏലിശാ യെരിഹോവിൽ അവർക്കായി കാത്തിരുന്നു. അവർ മടങ്ങി വന്നപ്പോൾ അവൻ പറഞ്ഞു, '' 'പോകരുത്' എന്നു ഞാൻ നിങ്ങളോട് പ റഞ്ഞില്ലയോ?'' (വാക്യം 18). ''എന്നെ നിങ്ങളുടെ നായകനായി നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ, നിങ്ങൾ എന്റെ വാക്ക് കേൾക്കണം'' എന്നതാണ് അതിൽ അന്തർലീനമായിരിക്കുന്നത്.

ആ അദ്ധ്യായത്തിൽ, ഉടനെ രണ്ടു സംഭവങ്ങൾ നടക്കുന്നുണ്ട്. ഏലിയാ വിന്റെ അതേ ശക്തി ഏലിശാക്കും ഉണ്ടെന്നു കാണിക്കുവാൻ പറയുന്നു, അനു ഗ്രഹിക്കുവാനും ശിക്ഷിക്കുവാനുമുള്ള രണ്ടുവിധത്തിലുള്ള ശക്തി. ആദ്യം അവൻ യെരിഹോവിലെ വെള്ളം പഥ്യമാക്കി, അവൻ യെരിഹോവിൽനിന്നു പോകുന്നതിനു മുമ്പ്, ആളുകൾ അവനിൽ നിന്നു ചിലത് ആഗ്രഹിച്ചു. വെള്ളം മോശമായതിനാൽ, ഭൂമി ''ഫലം കൊടുക്കാതിരുന്നു'' (വാക്യം 19). ഒരു പുതിയ പാത്രവും ഉപ്പും എടുത്ത് ഏലിശാ വെള്ളത്തെ ശുദ്ധമാക്കി (അക്ഷരികമായി ''പഥ്യമാക്കി''; വാക്യങ്ങൾ 20–22).

ബഹുമാനമില്ലാതെ സംസാരിച്ച നാൽപത്തി-രണ്ടു ബാലന്മാരെ രണ്ടു പെൺകരടികൾ വന്നു കീറിക്കളയുന്ന ഒരു സംഭവത്തോടുകൂടിയാണ് അദ്ധ്യായം 2 അവസാനിപ്പിക്കുന്നത് – വലിയ കൂട്ടം ''പട്ടണ – വാസികൾ''

ദൈവത്തിന്റെ പ്രവാചകനെ പരിഹസിച്ചു. ഏലിയാവ് പർവ്വതത്തിൽവെച്ച് ആകാശത്തുനിന്നു തീ ഇറക്കിയതുപോലുള്ള ശക്തി ഏലിശായ്ക്കും ഉണ്ടായിരുന്നു എന്നു തെളിയിക്കുകയായിരുന്നു ഉദ്ദേശം. സുവിശേഷത്തെ പരിഹസിക്കുന്ന ഏതൊരാളെയും ഇല്ലാതാക്കുവാൻ, എപ്പോഴും ഒന്നോ രണ്ടോ കരടികളെ തയ്യാറാക്കി നിർത്തുക എന്നതല്ല ഇവിടത്തെ പാഠം.[23] മറിച്ച്, ദൈവത്തെയും ദൈവത്തിന്റെ വചനത്തെയും ബഹുമാനിക്കണം എന്നാണ് അതു പഠിപ്പിക്കുന്നത്.

അദ്ധ്യായം അവസാനിക്കുമ്പോൾ, ഏലിശാ കർമ്മേൽ പർവ്വതത്തിലേക്ക് പോയതായിട്ടാണ് നാം വായിക്കുന്നത് - ഒരുപക്ഷെ അവന്റെ ആത്മാവിനെ പുതുക്കുന്നതിനായിരിക്കാം.[24] (സമയാസമയങ്ങളിൽ നാമെല്ലാവരും അതു ചെയ്യേണ്ടവരാണ്). പിന്നെ അവൻ ശമര്യയിലേക്ക് മടങ്ങി വന്നു (വാക്യം 25). അവിടെ പാർക്കുവാൻ അവന് ഒരു ഭവനമുണ്ടായിരുന്നു (2 രാജാക്കന്മാർ 5:3).

ഈ വാക്യങ്ങളും തുടർന്നു വരുന്ന അദ്ധ്യായങ്ങളും വായിച്ചാൽ രണ്ട് വസ്തുതകൾ നമുക്ക് ഇഷ്ടപ്പെടും: (1) ''പുതപ്പ് അവനിൽ വീണതിനാൽ'' ഏലിശാ അനുഗ്രഹീതനായി, (2) പുതപ്പ് അവന്മേൽ വീണതുകൊണ്ട്, അവന് വലിയ ഒരു ഉത്തരവാദിത്തമാണ് ലഭിച്ചത്.

അവൻ അനുഗ്രഹിക്കപ്പെട്ടതിൽ മാനവും അടങ്ങിയിരിക്കുന്നു. പ്രവാചകശിഷ്യന്മാർ തങ്ങളെ ദാസന്മാരായി കാണുകയും ഏലിയാവിനെ അന്വേഷിക്കുന്നതിന് അനുവാദം ചോദിക്കുകയും ചെയ്തു എന്നു നാം ശ്രദ്ധിച്ചു. ആ മാതൃക അടുത്ത അദ്ധ്യായങ്ങളിലും തുടരുന്നുണ്ട്. 2 രാജാക്കന്മാർ 4:1-ൽ, പ്രവാചകശിഷ്യനെ ഏലിശായുടെ ''ദാസൻ'' എന്നാണ് പറഞ്ഞിരുന്നത്. 6:1, 2-ൽ പ്രവാചകശിഷ്യന്മാർ പണിയുവാനുള്ള അനുവാദം ഏലിശായോട് ചോദിക്കുന്നുണ്ട്. ഏലിയാവിനു പ്രവാചകശിഷ്യന്മാരിലുണ്ടായിരുന്ന അതേ അധികാരമാണ് ഏലിയാവ് ഏലിശായ്ക്ക് കൈമാറിയത്.

ഏലിശാ ഭാരമുള്ള ഉത്തരവാദിത്തങ്ങളും എടുത്തിരുന്നു. ഏലീശായുടെ മഹത്തായ പ്രവൃത്തികളാണ് അടുത്ത പതിനൊന്നു അദ്ധ്യായങ്ങളിൽ പറയുന്നത്. ആ അദ്ധ്യായങ്ങളിൽ യെഹൂദയിലേയും യിസ്രായേലിലേയും രാജാക്കന്മാരെക്കാൾ അധികമായി ഏലീശയെക്കുറിച്ചാണ് പറയുന്നത്. ഉദാഹരണത്തിന്, അദ്ധ്യായം 4-ൽ എണ്ണയുടെ അത്ഭുതം നാം വായിക്കുന്നു, ''പ്രവാചകന്റെ മുറിയിൽ,'' ഒരു കുട്ടിയെ ജീവിപ്പിച്ച് കൊടുക്കുന്നു, ''പാത്രത്തിലെ മരണം,'' ആഹാരം വർദ്ധിപ്പിക്കൽ തുടങ്ങിയവ കാണുന്നു. അദ്ധ്യായം 5-ൽ നയമാനെ സൗഖ്യമാക്കുന്നത് പറയുന്നു. അദ്ധ്യായം 6-ൽ പൊങ്ങിവരുന്ന കോടാലിയുടെ അത്ഭുതവും, അരാം സൈന്യത്തെ അന്ധമാക്കുന്നതും കാണുന്നു. അദ്ധ്യായം 6ലും 7 ലും, ശമര്യയിലെ ഭയങ്കര ക്ഷാമത്തിനു ശേഷം അരാമ്യരെ അത്ഭുതകരമായി തോൽപിച്ചത് നാം വായിക്കുന്നു.

അങ്ങനെ അദ്ധ്യായം 13-ൽ ഏലീശ മരിക്കുന്നതു വരെ സംഭവം തുടരുന്നു. ദൈവത്തിനു ഉപയോഗിക്കുവാൻ കഴിഞ്ഞ മനുഷ്യനായിരുന്നു ഏലീശ: അവസാനത്തോളം സഹിക്കുവാൻ *കഴിഞ്ഞ* വ്യക്തിയായിരുന്നു അയാൾ.

നിങ്ങൾ നിങ്ങളെത്തന്നെ ദൈവത്തിനു ലഭ്യമാക്കുമ്പോൾ, അനുഗ്രഹിക്കപ്പെടും. നിങ്ങൾക്കു ഭാരിച്ച ഉത്തരവാദിത്വവും ലഭിക്കും.[25] കർത്താവിന്റെ സഭയിലെ ഒരു മൂപ്പനാകുന്ന ഉത്തരവാദിത്വങ്ങളേക്കാൾ അധികം ആയവ എനിക്കു ഊഹിക്കുവാൻ പ്രയാസമാണ്[26] - അല്ലെങ്കിൽ ഒരു ശുശ്രൂഷകൻ അല്ലങ്കിൽ ഒരു ഉപദേഷ്ടാവ് അല്ലെങ്കിൽ കർത്താവിന്റെ മറ്റൊരു ദാസൻ

ആകുക എന്നത്. നിങ്ങൾ ആയുഷ്ക്കാലം മുഴുവൻ ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ, അനുഗ്രഹങ്ങളെ അനുമോദിക്കുക മാത്രമല്ല, ഉത്തരവാദിത്വങ്ങൾ സ്വീകരിക്കുവാൻ കൂടെ തയ്യാറാകും.

ചോദ്യമിതാണ്, നാം അവസാനത്തോളം സഹിക്കുവാൻ *കഴിവുള്ളവ*രാണോ? യേശു പറഞ്ഞു, ''അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും'' (മത്തായി 10:22). ഓർമിക്കുക അവൻ ഇതുകൂടെ പറഞ്ഞിരിക്കുന്നു, ''കലപ്പക്കു കൈവെച്ച ശേഷം, പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല'' (ലൂക്കോസ് 9:62).

അവസാനത്തോളം സഹിച്ചു നിൽക്കുക എളുപ്പമല്ല. ദൈവം നമ്മോടുകൂടെ ഉണ്ടാകുമെന്നും ശക്തിപ്പെടുത്തുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു (എബ്രായർ 13:6), എന്നാൽ എളുപ്പമുള്ള ജീവിതം അവൻ വാഗ്ദാനം ചെയ്തിട്ടില്ല. നിങ്ങൾ യിസ്രായേലിലെ, ഒരു പുരുഷനോ, സ്ത്രീയോ, ആൺകുട്ടിയോ, പെൺകുട്ടിയോ ആകുവാൻ തീരുമാനിച്ചാൽ ഏതാനും ഉറപ്പുകൾ നിങ്ങൾക്കു നൽകുവാൻ കഴിയും, അതായത് ഉത്തരവാദിത്വങ്ങളും വെല്ലുവിളികളും. ചിലപ്പോൾ അത് കഠിനമായിരിക്കും എന്നും ഞാൻ ഉറപ്പുതരാം. പൗലോസ് പറഞ്ഞു, ''അനേക കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു'' (പ്രവൃത്തികൾ 14:22). ഈ പരമ്പരകളിൽ കഴിവതും തുറന്ന സമീപനത്തിനു ഞാൻ ശ്രമിച്ചിട്ടുണ്ട്. നിങ്ങളുടെ ജീവിതം കർത്താവിന് സമർപ്പിച്ചാൽ എല്ലാം ശരിയാകും എന്ന വിധത്തിൽ മധുരം - പുരട്ടൽ ഞാൻ നടത്തിയിട്ടില്ല. ഒരുക്കു നിൽക്കുക പ്രയാസമാണ്. ചിലപ്പോൾ ഒരുക്ക് ആകുകയും ചെയ്യും.

അത് ചിത്രത്തിന്റെ ഒരു വശം മാത്രം. അനുഗ്രഹങ്ങളും നിങ്ങൾക്കു ലഭിക്കുമെന്നു ഉറപ്പു തരാം - അത് ഇവിടേയും നിത്യതയിലും ലഭിക്കും. ഇപ്പോൾ നിങ്ങൾക്ക് ദൈവസാന്നിധ്യവും ശക്തിയും ലഭിക്കും, പിന്നെ ഒരിക്കൽ അവൻ ഇങ്ങനെ പറയുന്നത് കേൾക്കാം. ''നന്ന്, നല്ലവനും വിശ്വസ്തനും ആയ ദാസനെ'' (മത്തായി 25:21, 23, കെജെവി)!

**ഉപസംഹാരം**

യിസ്രായേലിലെ ദൈവ പുരുഷനോ ദൈവ സ്ത്രീയോ ആകുന്നത് പ്രത്യേകതയുള്ള കാര്യമാണ്. ''അത്തരം ഒരു വ്യക്തിയാകുവാൻ, നിങ്ങൾ തയ്യാറുള്ളവരും, മനസ്സുള്ളവരും, കഴിവുള്ളവരും ആയിരിക്കണം.'' ദൈവം ഉപയോഗിക്കേണ്ടതിനു ഒരാൾ *തയ്യാറുള്ള*വനും, തയ്യാറാകുവാൻ *മനസ്സു*ള്ളവനും, അവസാനത്തോളം സഹിക്കുവാൻ *കഴിവുള്ള*വനും ആയിരിക്കണം. ചോദ്യം ഇതാണ്, നിങ്ങൾ തയ്യാറുള്ളവനും, മനസ്സുള്ളവനും കഴിവുള്ളവനും ആണോ? പുതപ്പു നിങ്ങളിൽ വീഴുവാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?

ഏലിയാവിന്റെ പുതപ്പ്[27] ആകർഷണീയമായ ഒന്നായിരുന്നില്ല. അത് അഴുക്കും, വിയർപ്പിനാൽ-നനഞ്ഞതും, മുഷിഞ്ഞതുമായിരുന്നു - എന്നാൽ അപ്പോഴുമത് ദൈവവേലയുടെ അടയാളമായി ദൈവത്താലയച്ച ഏലിയാവിന് ഉപയോഗപ്രദമായിരുന്നു. ഏലിയാവ് പുതപ്പ് നിങ്ങളുടെ മേൽ ഇട്ടാൽ നിങ്ങൾ എന്തു ചെയ്യും എന്നു നിങ്ങളോടു തന്നെ ചോദിക്കുക. ''ആ ദുർ-ഗന്ധം വമിക്കുന്ന സാധനം എന്റെ ദേഹത്തുനിന്നു എടുത്തുമാറ്റുമോ''? അതോ, ''ഞാൻ പോകുവാൻ തയ്യാറാണ്! ഞാൻ എന്റെ പാപങ്ങളെല്ലാം കത്തിച്ചു കളയുവാൻ പോകുന്നു. ദൈവം എന്നോടു എന്തു ചെയ്യുവാൻ പറഞ്ഞാലും ഞാൻ അതു ചെയ്യും.'' എന്നു പറയുമോ?

ദൈവം നിങ്ങളെ ആവശ്യപ്പെടുന്നു. ആദ്യം നിങ്ങൾ ക്രിസ്ത്യാനിയായി തീരുവാൻ അവൻ ആഗ്രഹിക്കുന്നു.[28] പിന്നെ നിങ്ങൾ സജീവമായി ധൈര്യത്തോടെ അവന്റെ ശബ്ദമായിതീരുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ദൈവത്തിന്റെ പുതപ്പ് നിങ്ങൾക്കു ചുന്നും ധരിച്ച്[29] അവനെ സേവിക്കുവാൻ മുമ്പോട്ടു ചലിക്കുമെന്നു ഞാൻ വിചാരിക്കുന്നു!

---

കുറിപ്പുകൾ

[1]മനസിലേക്കു പെട്ടെന്നു വരുന്നത് ''മാന്റിൽ ഓഫ് ഡാർക്ക്നെസ്'' എന്ന പ്രയോഗമാണ്. ഇവിടെ പറയുന്നത് ''ഫ്ളോപ്പ്'' അല്ലെങ്കിൽ ''കവറിംഗ്'' ഓഫ് ഡാർക്കനെസ് എന്നാണ്. [2]ഒരേ ലാന്ദിൻ വാക്കിൽ നിന്നാണ് ''മാന്റിൽ'' എന്നതും ''മാന്റെൽ'' എന്നതും വന്നിരിക്കുന്നത്. [3]*ഫങ്ക് ആന്റ് വാഗനൽസ് ഡിഷ്ണറി*, വാല്യം. 1, (1951), എസ്, വി. ''മാന്റിൽ.'' [4]യോനാ 3:6, മറ്റൊരു ഉദാഹരണം ആഖാൻ മോഹിച്ച ബാബിലോന്യ വസ്ത്രം ആണ് (യോശുവ 7:21, 24); ഈ പുതപ്പ് ഒരു പക്ഷെ അമ്പരപ്പ്-ഉളവാക്കുന്ന വസ്ത്രം ആയിരിക്കാം. [5]നിങ്ങൾ ഒരു പുതപ്പ് ദൃശ്യ സഹായത്തിനായി എടുക്കുന്നുവെങ്കിൽ (''ദൃശ്യ-സഹായ കുറിപ്പുകൾ'' നോക്കുക), അത് കാണിച്ചുകൊണ്ട് എന്താണ് പുതപ്പ് എന്ന് പറയുക. പിന്നെ അത് നിങ്ങളുടെ ചുമലിൽ പുതക്കുക. [6]നമുക്കറിയാവുന്നേടത്തോളം, ഏലീശയിന്മേൽ ഏലിയാവിന്റെ പുതപ്പ് വീണത് അക്ഷരീകമായി എടുക്കേണ്ടതിനല്ല, ഏന്നാൽ അധികാരവും ഉത്തരവാദിത്വവും ആണ് അത് തെളിയിക്കുന്നത്. ''പുതപ്പു വീഴൽ'' പ്രയോഗം ഏലിയാവിന്റെ പുതപ്പ് പ്രവാചകനാകുവാനുള്ള ഏലീശയിന്മേൽ വീണതിൽ നിന്നു വന്നതാകാം. [7]നിങ്ങൾ ഒരു പുതപ്പ് ദൃശ്യ സഹായത്തിനായി എടുക്കുന്നുവെങ്കിൽ, ഏലിയാവിന്റെ മുകാഭിനയം നടത്താം. [8]ഒരു പ്രവാചകനായിതീരുവാൻ ഏലീശ ഒരുങ്ങുമോ എന്ന പരിശോധനയായിരുന്നോ അത് എന്ന് ചിലർ കരുതുന്നു. ഈ വാക്കുകൾ ലൂക്കോസ് 9 ലെ പുരുഷന്മാരോട് യേശു പറഞ്ഞതിനോടു ഒക്കുന്നു. [9]കർത്താവിന്റെ ദാസനായി മുഴുവാൻ-സമയ പ്രവർത്തനം ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും ഇത് പ്രാധാന്യമുള്ള പോയന്റാണ്. [10]ഏലിയാവിന്റെ ഗൂഢാർത്ഥ വാക്കുകൾക്ക് മന്ദു സാദ്ധ്യതകളും ഉണ്ട്. ഈ പുസ്തകത്തിൽ മുമ്പ് വന്ന ''ദൈവം എങ്ങനെ ശുന്യത പരിഹരിക്കുന്നു'' എന്നതും സ്റ്റാന്റേർഡ് കമന്ററികളും നോക്കുക.

[11]''യാഗം കഴിച്ച'' എന്നതിനുള്ള വാക്ക് തർജ്ജിമ ചെയ്തതിനുള്ള അർത്ഥം ''കൊന്നു കളഞ്ഞു'' എന്നാകാം. ഒരു പക്ഷെ ഏലീശ ചെയ്തതു അതാകാം. [12]മിക്ക യാഗങ്ങളിലും, മൃഗത്തിന്റെ ഒരു ഭാഗമാണ് യാഗം അർപ്പിച്ചിരുന്നത്. ഭഷ്യയോഗ്യമായവ പുരോഹിതന്മാർ കഴിക്കും. [13]ക്ലബ്ബൺ, ടെക്സാസിലെ അലൻമോറിസ്. [14]ഒരു പുതപ്പ് ദൃശ്യ സഹായിയായി നിങ്ങൾ ഉപയോഗിക്കയാണെങ്കിൽ ഏലിയാവിന്റെ പ്രവൃത്തികൾ പകർത്തുക. [15]വേറെയും പ്രവാചകന്മാർ ഉണ്ടായിരുന്നു (1 രാജാക്കന്മാർ 20, 22; 2 രാജാക്കന്മാർ 2:3, 5, 7; മുതലായവ.). [16]ഉല്പത്തി 37:29; 2 ശമുവേൽ 13:19; ഇയ്യോബ് 1:20; 2:12, മുതലായവ. [17]തെസ്സലോനിക്യർ 4:13 മുതൽ. [18]ഒരു പുതപ്പ് നിങ്ങൾ ദൃശ്യ സഹായിയായി ഉപയോഗിക്കുന്നു എങ്കിൽ, അത് തറയിൽ ഇടുക. [19]പതപ്പ് എടുക്കുക, അതിനെ നോക്കുകയും, പിന്നെ നിങ്ങളുടെ ചുമലിനെ നോക്കുകയും ചെയ്യുക. [20]പുതപ്പ് ഒരു ദൃശ്യ സഹായത്തിനായി നിങ്ങൾ എടുക്കുന്നു എങ്കിൽ ഏലിയാവിന്റെ മൂകാഭിനയം നടത്തുക.

[21]ആദ്യം അവർ ഏലിയാവിനോടു സംസാരിക്കുന്നതിനു പകരം, അവന്റെ ഭൃത്യന്മാരോടു സംസാരിച്ചു (2 രാജാക്കന്മാർ 2:3, 5). [22]ഫിലിപ്പോസിനെ ആത്മാവ് അസ്തോ

ദിലേക്കു ''എടുത്തുകൊണ്ടുപോയി'' (പ്രവൃത്തികൾ 8:39, 40). [23]''എനിക്കു പ്രായമായെന്നു ആർ പറഞ്ഞു?'' എന്ന പാഠം നോക്കുക. [24]ഇത് ഏലീശക്ക് ഇഷ്ടപ്പെട്ട പാർപ്പിടമായിരുന്നു എന്നു തോന്നുന്നു (2 രാജാക്കന്മാർ 4:25 നോക്കുക). [25]ഇതേ പോയിന്റാണ് യാക്കോബ് 3:1-ൽ യാക്കോബ് പറയുന്നത്. [26]എബ്രായർ 13:17. [27]ഒരു പുതപ്പ് ദൃശ്യ സഹായിയായി ഉപയോഗിക്കുകയാണെങ്കിൽ, അവസാനിപ്പിക്കുമ്പോൾ അത് കയ്യിൽ എടുക്കുക. [28]ഒരു ക്രിസ്ത്യാനിയായി തീരുവാൻ, നിങ്ങൾ യേശുക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിക്കുകയും പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും, യേശുവിലുള്ള വിശ്വാസം അധരം കൊണ്ട് ഏറ്റുപറകയും, പാപ മോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുക (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; റോമർ 10:9, 10; പ്രവൃത്തികൾ 22:16). [29]പുതപ്പ് ഒരു ദൃശ്യ സഹായി ആയി ഉപയോഗിക്കുന്നു എങ്കിൽ, അത് മടക്കി നിങ്ങളുടെ ചുമലിൽ ഇടുക.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

എ. അധികാരത്തെ തിരിച്ചറിയേണ്ടതിനു പല സ്ഥാനങ്ങൾക്കും ജീവിതത്തിൽ പ്രത്യേക ചിഹ്നങ്ങളുണ്ട്. ഏലിയാവിനു അതൊരു പുതപ്പായിരുന്നു (1 രാജാക്കന്മാർ 19:13,19; 2 രാജാക്കന്മാർ 2:8), അത് തോൽകൊണ്ടും, രോമം കൊണ്ടും, അല്ലെങ്കിൽ മറ്റ് പരുപരുത്ത വസ്തുക്കൾ കൊണ്ടും ഉണ്ടാക്കിയിരുന്നു (2 രാജാക്കന്മാർ 1:8; 2:8; സെഖര്യാവ് 13:4; മത്തായി 3:3, 4).

ബി. നമ്മുടെ കഴിഞ്ഞ പാഠത്തിൽ ഏലിയാവ് ചുഴലിക്കാറ്റിൽ എടുക്കപ്പെട്ടപ്പോൾ, അവന്റെ പുതപ്പ് ഏലീശമേൽ വീണതായി നാം കണ്ടു. ആ വെല്ലുവിളിയോടുകൂടി നാം പരമ്പര അവസാനിപ്പിക്കുവാൻ പോകുന്നു. പുതപ്പ് *നിങ്ങളു*ടെമേൽ വീഴുമാറാകട്ടെ.

I. ഇപ്പോഴും യിസ്രായേലിൽ ദൈവത്തിനു അവന്റെ പുരുഷൻ ആവശ്യമാണ്.

എ. ഏലിയാവ് എടുക്കപ്പെട്ടതിനു ശേഷവും, യിസ്രായേലിൽ ദൈവത്തിനു അവന്റെ പുരുഷൻ ആവശ്യമായിരുന്നു.

1. വളരെ പ്രാഗത്ഭ്യമുള്ള ജോലിയായിരുന്നു ഏലിയാവ് ചെയ്തത്.

എ. ഏലിയാവ് രംഗപ്രവേശനം ചെയ്യുന്നതിനു മുമ്പ്, യഹോവക്ക് അധര-സേവചെയ്യുന്നതു പോലും ഊഹിക്കുവാൻ കഴിയാത്തതായിരുന്നു; എന്നാൽ അവൻ വന്നശേഷം, പ്രവാചകന്മാർ, യഹോവയുടെ നാമത്തിൽ ധൈര്യത്തോടെ സംസാരിക്കുകയായിരുന്നു. പ്രവാചകന്മാർക്കുള്ള സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു.

ബി. ആഹാബിന്റെ പുത്രന്മാരിൽ ഒരാൾ ബാൽ വിഗ്രഹത്തെ നീക്കം ചെയ്തു (2 രാജാക്കന്മാർ 3:2).

2. ഇതിനർത്ഥം എല്ലാം ചെയ്തു തീർത്തു എന്നല്ല. ബാലിനെ ആരാധിക്കൽ തുടർന്നും ഉണ്ടായിരുന്നു (2 രാജാക്കന്മാർ 10:18 മുതൽ.), കൂടാതെ മന്നു ദുഷ്ടതയും തുടർന്നിരുന്നു.

ബി. യിസ്രായേലിൽ ഇന്നും ദൈവത്തിനു തന്റെ പുരുഷന്മാർ ആവശ്യമാണ്.

1. ഭൂതകാലത്ത് വളരെ കാര്യങ്ങൾ ചെയ്തിരുന്നു.
   എ. ലോകം മുഴുവനും കർത്താവിന്റെ സഭയുടെ ഇടവകകൾ ഉണ്ട്.
   ബി. ലോകത്തിൽ അധികം ഭാഗത്തേക്കും സുവിശേഷം എത്തുന്നു.
2. ജോലി തീർന്നു എന്നു നാം വിചാരിക്കരുത്.
   എ. ആത്മാക്കൾ ഇപ്പോഴും ഇരുട്ടിലാണ്.
   ബി. ''ബാലിനെ ആരാധിക്കൽ'' ഇന്നും നമ്മുടെ മദ്ധ്യേ ഉണ്ട്: വസ്തുവിനും അധികാരത്തിനും, സ്ഥാനമാനങ്ങൾക്കും അമിത പ്രാധാന്യം കൊടുക്കുന്നു (എബ്രായർ 13:5).
   സി. നമുക്കു ചുന്നും. അധാർമിക ലൈംഗീക അധപതനം ഉണ്ട് (ഗലാത്യർ 5:19–21).
   ഡി. നമ്മുടെ ദേശം ഹൃദയാഘാതവും വേദനയും, തരംതാഴ്ത്തലും കൊണ്ടു നിറഞ്ഞിരിക്കുന്നു. ആയിരക്കണക്കിനു ഭവനങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.

II. ദൈവത്തിനു പ്രത്യേക തരത്തിലുള്ള പുരുഷന്മാരേയും സ്ത്രീകളേയും ഉപയോഗിക്കാൻ കഴിയും.

എ. *തയ്യാറായ* ഏതൊരാളെയും ദൈവത്തിനു ഉപയോഗിക്കാൻ കഴിയും.

1. ഏലിയാവ് ഏലീശയുടെ മേൽ പുതപ്പിട്ടപ്പോൾ. ഏലീശ പ്രതികരിക്കുവാൻ തയ്യാറായിരുന്നു (1രാജാക്കന്മാർ 19:15, 16, 19 –22).
2. ഒരർത്ഥത്തിൽ, ദൈവം നിങ്ങളെ യിസ്രായേലിലെ പുരുഷനായോ സ്ത്രീയായോ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങളുടെ സമയവും താലന്തുകളും. നിങ്ങളുടെ ജീവിതവും അവനു സമർപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. നിങ്ങൾ അവനാൽ ഉപയോഗിക്കപ്പെടുന്നതിനു *തയ്യാറാ*ണോ?

ബി. തന്നെ *ഒരുക്കുന്ന* ഏതൊരാളേയും ദൈവം ഉപയോഗിക്കും.

1. ഏലീശായ്ക്ക് ദൈവീക ദൗത്യം ലഭിച്ചശേഷം, വർഷങ്ങളോളം പ്രവാചക-പരിശീലനത്തിനു അവൻ ഏലിയാവോടു കൂടെ സഞ്ചരിച്ചു (1 രാജാക്കന്മാർ 18:21; 2 രാജാക്കന്മാർ 3:11). അതുകൊണ്ട്, ഏലിയാവ് എടുക്കപ്പെട്ട് പുതപ്പ് ഏലീശയുടെ മേൽ വീണപ്പോൾ, അവൻ ഏലിയാവിന്റെ ജോലി ചെയ്യുവാൻ തയ്യാറായി.
2. ദൈവം നിങ്ങൾക്ക് ഒരു ജോലിയും അത് ചെയ്യുവാനുള്ള കഴിവും നൽകിയിരിക്കുന്നു, പക്ഷെ ആ ജോലി ചെയ്യുവാൻ

നിങ്ങൾ ഒരുങ്ങേണ്ടതുണ്ട്.

സി. അവസാനത്തോളം സഹിച്ചു നിൽക്കുവാൻ *കഴിവുള്ള* ഒരാളെ ദൈവം ഉപയോഗിക്കും.

1. ഏലീശ സ്ഥിരതയുള്ള ഒരു വ്യക്തിയായിരുന്നു. ഓരോ സ്ഥാനത്തു ചെന്നപ്പോഴും, ഏലിയാവ് തന്റെ അവസാന ദിവസത്തിൽ ഏലീശയോട് അവിടെ നിൽക്കുവാൻ പറഞ്ഞു എങ്കിലും, ഏലീശ ഏലിയാവോടുകൂടെ പോകുമെന്നു ചുടർച്ചയായി പറഞ്ഞു. അതിന്റെ ഫലമായി, ഏലിശാക്ക് ''ഏലിയാവിന്റെ ആത്മാവ്'' അവനിൽ അധിവസിക്കുവാൻ ലഭിച്ചു (2 രാജാക്കന്മാർ 2:8–18). എങ്ങനെയായാലും, ഏലീശാക്ക് തന്നെ ഏൽപിച്ചശേഷമുള്ള ജോലി വിശ്വസ്തമായി തുടരേണ്ടതായിരുന്നു.
   എ. ഏലിയാവിന്റെ പുതപ്പ് അവന്റെ മേൽ വീണപ്പോൾ ഏലിശാക്ക് അനുഗ്രഹങ്ങൾ ലഭിച്ചു. ഏലിയാവിനോടു കാണിച്ച ബഹുമാനം ഇപ്പോൾ അവനോടു കാണിക്കുവാൻ തുടങ്ങി (2 രാജാ ക്കന്മാർ 2:15, 16; ഒ. വാക്യങ്ങൾ 4:1; 6:1, 2).
   ബി. ആവശ്യമുള്ളവരെ സഹായിക്കുന്നതിനും ദൈവത്തെ ആദരിക്കാതിരിക്കുന്നവരെ ശിക്ഷിക്കുന്നതിനുമുള്ള ഭാരിച്ച ഉത്തര വാദിത്വം അവനു ലഭിച്ചിരുന്നു (വാക്യങ്ങൾ 19–25).
2. ദൈവത്തിനു നമ്മളെ ഉപയോഗിക്കണമെങ്കിൽ നാമും സ്ഥിരതയുള്ളവരായിരിക്കണം.
   എ. യിസ്രായേലിലെ ദൈവത്തിനുള്ള സ്ത്രീകളും പുരുഷന്മാരുമായി മാറുമ്പോൾ നാം അനുഗ്രഹിക്കപ്പെടും – ഇവിടേയും (എബ്രായർ 13:6) നിത്യതയിലും (മത്തായി 25:21, 23). എങ്ങനെയായാലും, നമുക്കും ഉത്തരവാദിത്വങ്ങൾ ലഭിക്കും (യാക്കോബ് 3:1; എബ്രായർ 13:17; പ്രവൃത്തികൾ 14:22; മുതലായവ.).
   ബി. നാം അവസാനത്തോളം സഹിച്ചു നിൽക്കുമെങ്കിൽ ദൈവം നമ്മെ ഉപയോഗിക്കും (മത്തായി 10:22; ലൂക്കോസ് 9:62).

ഉപസംഹാരം

എ. ''തയ്യാറാകൽ, മനസ്സ്, കഴിവു'' എന്നീ വാക്കുകൾ ആരംഭിക്കുവാൻ താൽപര്യമുള്ള വ്യക്തികളെ കുറിച്ചു പറയുന്നതാണ്. ദൈവത്തിനു ഉപയോഗിക്കുവാൻ കഴിയുന്ന വ്യക്തികളെ കുറിച്ചു പറയുമ്പോൾ ആ വാക്കുകൾ ഉപയോഗിക്കുന്നു.

ബി. ഏലിയാവ് തന്റെ പുതപ്പ് നിങ്ങളുടെ മേൽ ഇട്ടാൽ നിങ്ങൾ എന്തു ചെയ്യും? ''ഞാൻ പോകുവാൻ തയ്യാറാണ്!'' എന്ന് നിങ്ങൾ പറയും എന്നാണ് ഞാൻ കരുതുന്നത്. ആ പുതപ്പ് നിങ്ങളുടെ ചുമലിൽ ചുറ്റി ദൈവസേവനത്തിനായി മുമ്പോട്ടു ഗമിക്കുക!